# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3427** **10.12.2018-ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെന്നിത്തലയിൽ ഹാർബർ എൻജിനീയറിംഗ് നിർവ്വഹണം നടത്തുന്ന മത്സ്യത്തൊഴിലാളി മേഖലയിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ചെന്നിത്തലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് റോഡ് പ്രവൃത്തികൾക്കായി 111.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ കോയിപ്പുറത്തുപടി മുതൽ പെരുമ്പുഴ കടവ് ഭാഗം വരെയുള്ള റോഡ് നിർമ്മാണ ത്തിനായി 47 ലക്ഷം രൂപയുടെ ഭരണാനു മതി നൽകുകയും ടാറിംഗ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>• ചെന്നിത്തല ഗ്രാമ പഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണത്തിനായി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 30% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടു മുണ്ട്. |
| ബി) പ്രളയാനന്തര നിർമ്മിതിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് വിവരിക്കാമോ ? | ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രളയത്തിൽ നാശം സംഭവിച്ച മത്സ്യബന്ധ നോപകരണങ്ങളുടെ നഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകൃഷി മേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം നികത്തി വീണ്ടും കൃഷി ആരംഭിക്കു ന്നതിന് തയ്യാറാക്കിയ പാക്കേജിൽ കൂട് മത്സ്യകൃഷി, കല്ലുമ്മേക്കായ് കൃഷി എന്നിവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി കൾക്ക് ഗുണഭോക്താ ക്കളാകാൻ കഴിയും. ഇതിന് പുറമേ സർക്കാർ നടപ്പാക്കുന്ന 'മുറ്റത്തൊരു മീന്തോട്ടം' പദ്ധതി യിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഉൾനാടൻ മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് കേജ് ഫാമിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**